**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3459** 11.12.2018- **ൽ മറുപടിയ്ക്ക്**

**പഴം പച്ചക്കറി എന്നിവകളിൽ കീടനാശിനി ഉപയോഗം**

| **ചോദ്യം**<br>**ശ്രീ.റ്റി.വി.രാജേഷ്** | **ഉത്തരം**<br>**ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
|---|---|
| (എ) അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പച്ചക്കറി, പഴങ്ങൾ എന്നിവയിൽ കൂടിയ തോതിൽ കീടനാശിനികൾ ഉപയോഗിക്കുന്നത് കണക്കിലെടുത്ത് ഇവ പരിശോധിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പച്ചക്കറി, പഴങ്ങൾ എന്നിവയിൽ കൂടിയ തോതിൽ കീടനാശിനികൾ ഉപയോഗിക്കുന്നത് കണക്കിലെടുത്ത് പഴം പച്ചക്കറികളിലെ സാമ്പിളുകൾ മാർക്കറ്റുകളിൽ നിന്നും ശേഖരിച്ച് കാർഷിക സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന വെള്ളായണി "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ പരിശോധന നടത്തുന്നുണ്ട്. ടി ലാബിന് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ രംഗത്ത് അന്താരാഷ്ട്ര അംഗീകാരം (ISO17025:2005) ലഭിച്ചിട്ടുണ്ട്. ലബോറട്ടറിയിൽ വിദേശനിർമ്മിതവും, അതിനൂതനവും, അത്യധികം കാര്യക്ഷമമവും, കീടനാശിനിയുടെ നൂറ് കോടിയിൽ ഒരു അംശം പോലും കണ്ടെത്താൻ കഴിവുള്ളതുമായ ഗ്യാസ് ക്രമറ്റോഗ്രാഫ്, മാസ് സ്പെക്ട്രോമീറ്റർ, ലിക്വിഡ് ക്രമറ്റോഗ്രാഫ്, മാസ് സ്പെക്ട്രോമീറ്റർ, തുടങ്ങിയ ഉപകരണങ്ങൾ ഉണ്ട്. കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ എന്നിവിടങ്ങളിൽ നിന്നും പഴം പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് ടി ലാബിൽ പരിശോധിക്കുകയും പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടലായ |

www.kerala.gov. in ലും കേരള കാർഷിക സർവ്വകലാശാലയുടേയും കൃഷി വകുപ്പിന്റേയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. ഇപ്രകാരം പരിശോധനാ ഫലം മൂന്നു മാസത്തിലൊരിക്കൽ പ്രസിദ്ധീകരിച്ച് ഇത് സംബന്ധിച്ച അവബോധം പൊതു ജനങ്ങളിലും കർഷകരിലും സൃഷ്ടിക്കുന്നു.

| | |
|---|---|
| (ബി) ഇവ പരിശോധിക്കുന്നതിന് സംസ്ഥാനത്ത് ലാബുകൾ നിലവിലുണ്ടോ; പുതിയതായി ലാബുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) ഉണ്ട്. കേരള കാർഷിക സർവ്വകലാശാലയ്ക്ക് കീഴിൽ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധനാ ലാബിൽ പച്ചക്കറി സാമ്പിളുകൾ കർഷകരുടെ കൃഷി ഇടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ച് പരിശോധന നടത്തി വരുന്നു. കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി ലാബിനു പുറമെ ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര, ആർ.എ.ആർ.എസ് കുമരകം, കാർഷിക കോളേജ് പടന്നക്കാട് എന്നിവിടങ്ങളിൽ കീടനാശിനി അവശിഷ്ട ലാബുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.<br>നടപ്പു സാമ്പത്തിക വർഷം വെള്ളാണിക്കര കാർഷിക കോളേജ് (തൃശ്ശൂർ) പടന്നക്കാട് കാർഷിക കോളേജ്, (കാസർഗോഡ്) എന്നിവിടങ്ങളിൽ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുന്നതിന് ലാബുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ